കേരള സർക്കാർ

ഭരണഭാഷ – മാതൃഭാഷ

## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
## തിരുവനന്തപുരം

**നമ്പർ. DTETVM/7230/2024-EA2 (EA)-Part(2)** **തീയതി: 18-04-2025**

## പരിപത്രം

വിഷയം:- വിദ്യാഭ്യാസം– സാങ്കേതികം– ബയോമെട്രിക് പഞ്ചിങ് സംവിധാനം സ്പാർക്കുമായി ബന്ധിപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന :- ഈ കാര്യാലയത്തിൽ നിന്നുള്ള പരിപത്രം നമ്പർ: **DTETVM/7230/2024-EA2 (EA)** തീയതി: **19-02-2025**

ഈ വകുപ്പിന് കീഴിലുള്ള സ്പാർക്ക് വഴി ശമ്പളം വാങ്ങുന്ന താത്ക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരും **2025** മാർച്ച് **1** മുതൽ ആധാർ അധിഷ്ഠിത ബയോമെട്രിക് അറ്റൻഡൻസ് സംവിധാനം (**AEBAS**) ആയ ഫേസ് പഞ്ചിങ്ങിലൂടെ ഹാജർ രേഖപ്പെടുത്തണമെന്നും ആയതിലേക്കുള്ള മാർഗനിർദേശങ്ങളും സൂചന സർക്കുലർ പ്രകാരം നൽകിയിരുന്നു.

പഞ്ചിങ്ങിലൂടെ ഹാജർ രേഖപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ ഹാജർ ശമ്പളം, അവധികൾ എന്നിവ സ്പാർക്ക് മുഖേന ബന്ധിപ്പിക്കുന്നതിനായി ഓഫീസുകളുടെ പ്രവർത്തന സമയം **dteitdivision@gmail.com** എന്ന മെയിൽ ഐഡിയിൽ ചുവടെ നൽകിയിരിക്കുന്ന മാതൃകയിൽ **ഏപ്രിൽ 25** നു മുൻപായി അയച്ചു തരേണ്ടതാണ്. സർക്കാർ ചട്ടങ്ങളിലെ വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരവും, അനുബന്ധ സർക്കാർ ഉത്തരവുകൾക്കും വിധേയമായി മാത്രം ഷിഫ്റ്റുകൾ ക്രമീകരിച്ച് അയക്കുവാൻ ശ്രദ്ധിക്കുക.

ഓഫീസിലെ എല്ലാ ഷിഫ്റ്റ് സമയങ്ങളും ലഭ്യമാക്കേണ്ടതാണ് (ജനറൽ ഷിഫ്റ്റ്. ഈവെനിംഗ് ഷിഫ്റ്റ്, ലൈബ്രറി ഷിഫ്റ്റ്, വാച്ച് മാൻ, നൈറ്റ് വാച്ച് മാൻ, പിടിഎസ്. എഫ്ടിഎസ്. ഫിസിക്കൽ ട്രെയിനിങ് ഷിഫ്റ്റ്, ഹോസ്റ്റൽ സ്റ്റാഫ് ഷിഫ്റ്റ് തുടങ്ങിയവ). ഷിഫ്റ്റിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ കാറ്റഗറി കൂടി പട്ടികയിൽ നല്കുക (ഓഫീസ് ജീവനക്കാർ, അധ്യാപക ജീവനക്കാർ, വാച്ച്മാൻ, ഹോസ്റ്റൽ ജീവനക്കാർ, പിടിഎസ്/എഫ്ടിഎസ് തുടങ്ങിയ എല്ലാ തസ്തികകളും).

ഉദ്യോഗസ്ഥരെ ഷിഫ്റ്റ് ടൈമിങ്ങുകളിലേക്ക് ഉൾപ്പെടുത്തുക.

പഞ്ചിങ്ഹാജർ അടിസ്ഥാനമാക്കി ശമ്പളം, ലീവ് മുതലായവയുടെ മാനേജുമെൻ്റ് എന്നിവ അതാത് സ്ഥാപനങ്ങളിലെ സ്പാർക്ക് നോഡൽ ഓഫീസറുടെ (ഡിഡിഓ) ഉത്തരവാദിത്തമാണ്. അതിലേക്കായുള്ള സൗകര്യങ്ങൾ സ്പാർക്ക് സോഫ്റ്റ് വെയറിൽ ലഭ്യമാക്കുന്നതാണ്.

| SL.No | Shift Name | Shift Start Time | Shift End Time | Shift Duration | Type of Users included in this shift | Remarks |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |

**SHALIJ P R**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 18-04-2025 23:20:05